പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2117 04-11-2019 -ൽ മറുപടിയ്ക്ക്

**പരിയാരം മെഡിക്കൽ കോളേജ് നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 02.03.2019-തീയതിയിൽ വിളംബരം ചെയ്ത കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019-ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരം പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ട് വന്നു. മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണം സുഗമമാക്കുന്നതിനായി പ്രിൻസിപ്പാൾ തസ്തികയുൾപ്പടെ 11 തസ്തികകൾ തുടർന്ന് സൃഷ്ടിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മെഡിക്കൽ കോളേജിൽ നടപ്പിലാക്കി വരുന്നു. കിടത്തി ചികിത്സിക്കുന്ന ജനറൽ വാർഡിലെ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും ലഭിക്കുന്ന മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. ഒ.പിയിൽ എത്തുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് അഞ്ചു ദിവസത്തെ മരുന്നും സൗജന്യമായി നൽകുന്നു. പരിയാരം മെഡിക്കൽ കോളേജിന് വേണ്ടി "2210-05-105-80" എന്ന ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച നൽകി. |

പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ 21,24,64000/-രൂപ അധിക ചെലവിനത്തിൽ അനുവദിച്ച് ഉത്തരവായി. ജീവനക്കാർക്കുള്ള ശമ്പളവും മറ്റു ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി 2019-20 ജൂൺ മാസത്തെ സപ്ലിമെന്ററി ഡിമാൻഡ് ഗ്രാന്റിൽ ഒരു ടോക്കൺ പ്രൊവിഷൻ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. 24.09.2019-തീയതിയിലെ

സ.ഉ(സാധാ)നം.2289/2019/ആ.കു.വ പ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി രജിസ്ട്രേഷൻ അന്തിമഘട്ടത്തിലാണ്. 2019-20 അധ്യയന വർഷത്തെ എം.ബി.ബി.എസ്, പി.ജി ബിരുദം തുടങ്ങിയ എല്ലാ മെഡിക്കൽ പ്രവേശനത്തിനുമുള്ള ഫീസ് പൂർണമായും മറ്റു സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനായി 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസിലെ (2019-ലെ 24) 7-ാം വകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ശ്രീ.സുധാകരൻ മുത്തറിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിന്റെ ഭാഗമാക്കുന്നതിലേക്കായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

| | | |
|---|---|---|
| (ബി) | മെഡിക്കൽ കോളേജ് നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കണ്ണൂർ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ഇതിൽ ട്രോമകെയർ, എമർജൻസി ബ്ലോക്ക്, കാർഡിയോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ഉൾപ്പെടുന്നു. ആശുപത്രിയുടെ പെയിന്റിങ് ഉൾപ്പടെയുള്ള നവീകരണ പ്രവൃത്തികൾക്ക് 15 കോടി രൂപയും, ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 3 കോടി രൂപയും ഉൾപ്പെടുത്തുന്നതിന് 2020-21-ലെ ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ഒ.പി. ക്ലിനിക്കിലും, റിസപ്ഷനിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 1,47,76,660.26/- രൂപയുടെ വർക്കിങ് ഗ്രൂപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. പഴയ ഡയാലിസിസ് മെഷീനുകൾ മാറ്റണമെന്ന കാര്യം ഉയർന്നു വന്നതിനെ തുടർന്ന് ബഹു.എം.എൽ.എ ശ്രീ.റ്റി.വി. രാജേഷ് തന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 76 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് 10 ഡയാലിസിസ് മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപകരണങ്ങൾ പലതും കാലപ്പഴക്കം വന്നതും വേണ്ടത്ര പ്രവർത്തനസജ്ജമല്ലാത്തതുമാണെന്നത് കണക്കിലെടുത്ത് ഇവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) 2020-21-ലെ ബഡ്ജറ്റ് തയ്യാറാക്കിയതിൽ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന് പ്രത്യേക പാക്കേജ് ഉൾപ്പെടുത്തി പ്ലാനിംഗ് ബോർഡിൻറെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും, മെയിന്റനൻസ് പ്രവൃത്തി ചെയ്യുന്നതിനുമുള്ള തുക പാക്കേജിൽ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പല വകുപ്പുകളിലും ആവശ്യത്തിന് വിദഗ്ധ ഡോക്ടർമാരുടെ അഭാവം മൂലം രോഗികൾക്കുണ്ടാകുന്ന ചികിത്സാ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | റേഡിയോഡയഗ്നോസിസ് വിഭാഗത്തിന്റെ പ്രവർത്തനമികവിനും, പി.ജി, യു.ജി വിദ്യാർത്ഥികളുടെ അധ്യയനം മെച്ചപ്പെടുത്തുന്നതിനുമായി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായ ഡോ.എൻ.റോയി-ക്ക് ടിയാന്റെ പ്രിൻസിപ്പാൾ തസ്തികയിലെ ഔദ്യോഗിക ചുമതലകൾക്ക് തടസ്സം വരാത്ത രീതിയിൽ കോളേജിലെ റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിദഗ്ധ ഡോക്ടർമാരുടെ അഭാവം പരിഗണിച്ച് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ ന്യൂറോസർജറി വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ.പ്രകാശൻ.കെ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.അജിത്.എസ് എന്നിവരെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. മറ്റു പല വകുപ്പുകളിലും ആവശ്യത്തിന് വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**